**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3161** **07-10-2025 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ സ്കോളർഷിപ്പ് പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ന്യൂനപക്ഷ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കാനും സ്കോളർഷിപ്പ് തുക കാലോചിതമായി പരിഷ്കരിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്തു വരുന്ന സ്കോളർഷിപ്പുകളിൽ അപേക്ഷകരുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് എല്ലാ കൊല്ലവും സ്കോളർഷിപ്പുകളുടെ എണ്ണവും തുകയും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകി വരുന്ന സ്കോളർഷിപ്പുകൾ തടസ്സരഹിതമായി വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകി വരുന്ന സ്കോളർഷിപ്പുകൾ തടസ്സരഹിതമായി വിതരണം ചെയ്യുന്നതിന് എല്ലാ സ്കോളർഷിപ്പുകളും ഓൺലൈൻ മുഖേന നടപ്പിലാകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിൽ വിദേശ പഠനം, യുജിസി നെറ്റ് കോച്ചിങ്, ഐ ഐടി/ ഐഐഎം തുടങ്ങിയ സ്കോളർഷിപ്പുകൾ മാത്രമാണ് ഓഫ്‌ലൈൻ ആയി നൽകി വരുന്നത്. ഈ സ്കോളർഷിപ്പുകൾ വരും സാമ്പത്തിക വർഷം മുതൽ ഓൺലൈൻ മുഖേന വിതരണം ചെയുന്നതിനുള്ള എല്ലാ നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 2025 -26 സാമ്പത്തിക വർഷത്തിലെ മാർഗ്ഗദീപം സ്കോളർഷിപ്പ് ഓൺലൈൻ മുഖേന അപേക്ഷ ക്ഷണിക്കുകയും സ്കോളർഷിപ്പ് തുകയുടെ വിതരണം ഒക്ടോബർ മാസം പൂർത്തീകരിക്കുന്നതിന് ഉള്ള നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. |
| (സി) | സാമ്പത്തിക പ്രയാസങ്ങൾ അനുഭവിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കൂടുതൽ സാമ്പത്തിക സഹായങ്ങളും സ്കോളർഷിപ്പുകളും ഗ്രാന്റുകളും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നല്കിവരുന്ന വിവിധ ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാർ നിർത്തലാക്കിയ പ്രീമെട്രിക് സ്കോളർഷിപ്പിന് പകരമായി സംസ്ഥാന സർക്കാർ ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന മാർഗദീപം എന്ന പേരിൽ പുതിയ സ്കോളർഷിപ്പ് 2024-25 മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ നിർത്തലാക്കിയ മൗലാനാ ആസാദ് നാഷണൽ ഫെല്ലോഷിപ്പിന് പകരമായി ന്യൂനപക്ഷ വിഭാഗത്തിലെ ഗവേഷണ |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികൾക്ക് വകുപ്പ് മുഖേന പുതിയൊരു പദ്ധതി നടപ്പിലാക്കുന്നതിന് 2025-26 സാമ്പത്തിക വർഷം 600 ലക്ഷം രൂപ വകയിരുത്തുകയും, പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്..അടുത്ത സാമ്പത്തിക വർഷവും സ്കോളർഷിപ്പുകൾക്ക് അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ